# <u>കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം</u>

ജി2-13390/2020

<u>സർക്കുലർ നമ്പർ- 44/2020-21 തീയതി- 06.02.2021</u>

വിഷയം-1992 ലെ കേരള ചുമട്ടു തൊഴിലാളി ഭവന നിർമ്മാണ വായ്പാ പ്ലാൻ വ്യവസ്ഥയിൽ ഭേദഗതി വരുത്തികൊണ്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന- 1) 07.04.2018 തീയതിയിലെ 04/2018-19 നമ്പർ സർക്കുലർ

2) കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ 2020-21 ലെ ബഡ്ജറ്റ് നിർദ്ദേശം (ഖണ്ഡിക 8)

3) 1992 ലെ കേരള ചുമട്ടു തൊഴിലാളി ഭവന നിർമ്മാണവായ്പ പ്ലാൻ ഖണ്ഡിക 9(എ)

കേരള ചുമട്ടു തൊഴിലാളി (ഭവന നിർമ്മാണ വായ്പാ ) പ്ലാൻ 1992 പ്രകാരം നിലവിൽ നൽകി വരുന്ന ഭവന വായ്പാ തുക കാലോചിതമായി വർദ്ധിപ്പിക്കുവാൻ 2020-21 ലെ ബഡ്ജറ്റ് അവതരണകുറിപ്പ് നിർദ്ദേശത്തിൽ സൂചന (1) പ്രകാരം ഉൾപ്പെടുത്തുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം തൊഴിലാളികൾക്കുള്ള ഭവന വായ്പാ പദ്ധതിയിൽ വീട് നിർമ്മാണത്തിനും, വീടും സ്ഥലവും വാങ്ങുന്നതിനും പരമാവധി 8,00,000/- എന്ന പരിധി 9,00,000/- രൂപയായും, വീട് അറ്റകുറ്റപ്പണി നടത്തുന്നതിന് നൽകി വരുന്ന 4,00,000/- രൂപ എന്ന പരിധി പരമാവധി 5,00,000/- രൂപയായി ഉയർത്തുന്നതിനും, അറ്റവേതനം 3000/- രൂപ എന്നത് 4000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും 1992 ലെ കേരള ചുമട്ടു തൊഴിലാളി ഭവന നിർമ്മാണ വായ്പാ പ്ലാനിൽ താഴെപ്പറയുന്ന വിധം ഭേദഗതി വരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

നിലവിലുള്ള പ്ലാൻ ഖണ്ഡിക 4(1) ൽ വായ്പയുടെ തോതും വിതരണവും, പ്ലാൻ ഖണ്ഡിക 2 (എ) യും, (സി) യും പ്രകാരമുള്ള (പുതിയ വീട് നിർമ്മാണം, താമസയോഗ്യമായ വീടും സ്ഥലവും വാങ്ങുന്നതിന്) ആവശ്യങ്ങൾക്കായി "എസ്റ്റിമേറ്റ് സംഖ്യയുടെ 75% മോ, അപേക്ഷ അയയ്ക്കുന്നതിന് തൊട്ടുമുമ്പുള്ള 12 മാസത്തെ ശരാശരി വേതനത്തിന്റെ 50 ഇരട്ടിയോ 8 ലക്ഷമോ ഏതാണ് കുറവെന്നാൽ ആ തുകയും" എന്നതിന് പകരം "എസ്റ്റിമേറ്റ് സംഖ്യയുടെ 75% മോ, ശരാശരി മാസവേതനത്തിന്റെ 50 ഇരട്ടിയോ 9 ലക്ഷമോ ഏതാണ് കുറവെന്നാൽ ആ തുകയും" എന്ന് ആയും , ഇതേ ഖണ്ഡികയിൽ 2 ബി പ്രകാരമുള്ള ആവശ്യങ്ങൾക്കായി (വീട് പുതുക്കി പണിയുന്നതിനും, എടുപ്പുകൾ ചേർക്കുന്നതിനും) "എസ്റ്റിമേറ്റ് സംഖ്യയുടെ 80% മോ, ശരാശരി മാസവേതനത്തിന്റെ 40 ഇരട്ടിയോ 4 ലക്ഷമോ ഏതാണ് കുറവെന്നാൽ ആ തുകയും" എന്നത് "എസ്റ്റിമേറ്റ് സംഖ്യയുടെ 80% മോ, ശരാശരി മാസവേതനത്തിന്റെ 40 ഇരട്ടിയോ 5 ലക്ഷമോ ഏതാണ് കുറവെന്നാൽ ആ തുകയും" എന്നാക്കി ഭേദഗതി വരുത്തുന്നു. കൂടാതെ ഖണ്ഡിക 3 അർഹതാ വ്യവസ്ഥകൾ (എ) യിൽ "കിഴിവുകൾക്കു ശേഷം 3000/- രൂപയെങ്കിലും നെറ്റ് വേജസ് (അതായത് ടേക്ക് ഹോം വേജസ്) വാങ്ങുന്ന ആളായിരിക്കണം" എന്നത് "കിഴിവുകൾക്കുശേഷം 4000/- രൂപയെങ്കിലും നെറ്റ് വേജസ്(അതായത് ടേക്ക് ഹോം വേജസ്) വാങ്ങുന്ന ആളായിരിക്കണം " എന്നാക്കി ഭേദഗതി വരുത്തുന്നു.

ഈ ഭേദഗതിയ്ക്ക് 01.03.2021 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. മറ്റു വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ്

<u>പകർപ്പ്</u>

1)എല്ലാ ജില്ലാ കമ്മിറ്റി/ഉപകാര്യാലയങ്ങൾ

2) സെക്രട്ടറി, ഫിനാൻസ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ (ഐ&എ), (പി&എ), (ഡബ്ലിയു&ഇ)

3) എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും, സ്റ്റോക്ക് ഫയൽ, സ്പെയർ

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്